# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4465 28.06.2012 - ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ ഗുണമേന്മ**

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | മറുപടി<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>( പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചനടപടികൾ എന്തെല്ലാമാണ് ; | (എ) പൊതുമരാമത്ത് പ്രവർത്തികൾ വിവിധ തലത്തിലുള്ള എഞ്ചിനീയർമാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് നടന്നുവരുന്നത്. പൊതുമരാമത്ത് വകുപ്പിൽ നടക്കുന്ന പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്. നിലവിൽ കരാർ വ്യവസ്ഥകളും വകുപ്പ് തലത്തിലെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റേയും വിജിലൻസ് വിഭാഗത്തിന്റേയും പ്രവർത്തനങ്ങളും കർശനമായി നടപ്പിലാക്കുന്നുണ്ട്. കൂടാതെ, മേഖലാടിസ്ഥാനത്തിൽ (ദക്ഷിണ മേഖല, മദ്ധ്യ മേഖല, ഉത്തരമേഖല) പുതുതായി 3 പരിശോധനാ സംഘത്തേയും നിയോഗിച്ചിട്ടുണ്ട്. ഈ ടീമുകളുടെയെല്ലാം പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്. പ്രസ്തുത ടീമുകൾക്ക് സാംബിൾ എടുക്കുന്നതിനും പരിശോധനകൾ നടത്തുന്നതിനുമുള്ള ഇൻഫ്രാ സ്ട്രക്ചർ ഒരുക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി വരുന്നു. സ്ഥിരം സംവിധാനം എന്ന നിലയിൽ പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ രണ്ട് ക്വാളിറ്റി |

കൺട്രോൾ സബ് ഡിവിഷനുകൾ (എറണാകുളം & തൃശ്ശൂർ) പ്രവൃത്തി - ക്കുന്നുണ്ട്. കൂടാതെ ജില്ലാതലത്തിൽ സാധന സാമഗ്രികളുടെ ഗുണമേന്മ പരിശോധനാ ലബോറട്ടറികൾ സ്ഥാപി- ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പണി നടക്കുന്ന സമയങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥർ പണികളുടെ ഗുണനിലവാരം ഉറപ്പാക്കാറുണ്ട്. കെ.എസ്.ടി.പി പദ്ധതിയിൽ അന്താരാഷ്ട്ര നിലവാരത്തിലാണ് റോഡ് നിർമ്മാണം നടത്തുന്നത്. വിദഗ്ദ ഏജൻസികളെക്കൊണ്ട് നിലവിലുള്ള റോഡിന്റെ പോരായ്മ- കൾ ശാസ്ത്രീയമായി തിട്ടപ്പെടുത്തി രൂപകല്പന ചെയ്താണ് എസ്റ്റിമേറ്റ് എടുക്കുന്നത്. നിർമ്മാണ പ്രവൃത്തി- യുടെ ഗുണനിലവാരം ഉറപ്പ് വരുത്തു- ന്നതിന് ടെക്നിക്കൽ ഓഡിറ്റും കെ.എസ്.ടി.പി നടത്തുന്നുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഒരു പ്രോജക്ട് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ സംഘം പ്രവൃത്തികൾ വിലയിരുത്തി ഗുണമേന്മ ഉറപ്പ് വരുത്തുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | എസ്റ്റിമേറ്റ് തുകയെക്കാൾ കുറഞ്ഞ നിരക്കിൽ ടെണ്ടർ വിളിക്കുന്ന പ്രവൃത്തികളെ നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തു- മോയെന്ന് വിശദമാക്കുമോ ? | (ബി) | ഇതിനുള്ള സംവിധാനം നിലവിലുണ്ട്. എസ്റ്റിമേറ്റ് തുകയെക്കാൾ കുറഞ്ഞ നിരക്കിൽ ടെണ്ടർ ഏറ്റെടുക്കുന്ന കരാറുകാരിൽ നിന്ന് എസ്റ്റിമേറ്റ് തുകയും, ക്വാട്ടു ചെയ്ത തുകയുടെ വ്യത്യാസവും കൂടി കണക്കാക്കി ബാങ്ക് ഗ്യാരണ്ടി വാങ്ങിക്കുന്നുണ്ട്. എസ്റ്റിമേറ്റ് തുകയേക്കാൾ 25% കുറഞ്ഞ നിരക്കിൽ ടെണ്ടർ ലഭിച്ചാൽ പ്രസ്തുത ടെണ്ടർ നിരസിക്കുന്നതിനും പ്രവൃത്തിയ്ക്ക് പുനർദർഘാസ് ക്ഷണിക്കുന്നതിനും പുതുക്കിയ മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ